# പതിമൂന്നാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1878 — 22/03/2012 - ൽ മറുപടിക്ക്

## കേരള കോസ്റ്റൽ ഏരിയ വികസന കോർപ്പറേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ. സണ്ണി ജോസഫ്: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യബന്ധനവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള കോസ്റ്റൽ ഏരിയ വികസന കോർപ്പറേഷന്റെ ചുമതലയിൽ കൂടുതൽ വികസന പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, തീരദേശ മേഖലയിലെ സമഗ്ര സാമൂഹിക സാമ്പത്തിക വികസന പ്രവർത്തനങ്ങൾ എന്നിവ തീരദേശ വികസന കോർപ്പറേഷൻ വഴി, ഏറ്റെടുക്കുന്നുണ്ട്. പുറമെ, 2011-12 സാമ്പത്തിക വർഷം 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം നടപ്പിലാക്കുന്ന മാതൃകാ മത്സ്യഗ്രാമ പദ്ധതി മുഖാന്തിരം കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 11 മത്സ്യഗ്രാമങ്ങളിൽ ഭവനനിർമ്മാണം നടത്തുന്നതിനുവേണ്ട പ്രാരംഭ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. 71 കോടി രൂപയാണ് ഈ പദ്ധതിക്കായി ചെലവഴിക്കുന്നത്. മത്സ്യത്തൊഴിലാളിഗ്രാമങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും, മത്സ്യമാർക്കറ്റുക |

| | | | |
|---|---|---|---|
| | | | ളുടെ ആധുനികവത്ക്കരണത്തിനും വേണ്ട പദ്ധതികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നതാണ്. |
| (ബി) | പ്രസ്തുത കോർപ്പറേഷൻ വഴി എത്ര കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | (ബി) | 97.97 കോടിയോളം രൂപയുടെ വികസന പദ്ധതികളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) | ഇതിന്റെ പ്രവർത്തനം വഴി എത്ര മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്തിലെ 9 തീരദേശ ജില്ലകളിലെ തീരപ്രദേശങ്ങളിലാണ് പ്രധാനമായും തീരദേശ വികസന കോർപ്പറേഷൻ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്. ആയതിനാൽ ഈ പ്രദേശങ്ങളിലെ നിവാസികൾക്ക് ഒന്നടങ്കം ഈ പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നുണ്ട്. |
| (ഡി) | മത്സ്യമേഖലയിൽ പ്രവർത്തിക്കുന്നവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി കൂടുതൽ പദ്ധതികൾഈ കോർപ്പറേഷൻ വഴി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | മത്സ്യമേഖലയിൽ പ്രവർത്തിക്കുന്നവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി തീരദേശ വികസന കോർപ്പറേഷൻ വരുംകാലങ്ങളിൽ കൂടുതൽ പദ്ധതികൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ